സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ് ടവേഴ്സ്, ,കരമന
കിള്ളിപ്പാലം, തിരുവനന്തപുരം
തീയതി :19-11-2026

പത്രക്കുറിപ്പ്

ഫ്ലഡ് സെസ്സ് കുടിശ്ശിക തീർപ്പാക്കൽ പദ്ധതി 2026 - വ്യാപാരികൾക്ക് ഇളവുകളോടെ കുടിശ്ശികകൾ തീർപ്പാക്കാം.

തിരുവനന്തപുരം: 2026 ജൂൺ 19-ന് അവതരിപ്പിച്ച 2026-2027 ലെ സംസ്ഥാന ബഡ്ജറ്റിലെ, "ഫ്ലഡ് സെസ്സ് കുടിശ്ശിക തീർപ്പാക്കൽ പദ്ധതി 2026" പ്രകാരം വ്യാപാരികൾക്ക് കുടിശ്ശികയുള്ള ഫ്ലഡ് സെസ്സ് ഇളവുകളോടെ തീർപ്പാക്കാം. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന നികുതിദായകർക്ക് കുടിശ്ശികയുള്ള സെസ്സ് തുക മാത്രം ഒടുക്കുന്ന പക്ഷം, അതുമായി ബന്ധപ്പെട്ട പലിശയും പിഴയും പൂർണ്ണമായും ഒഴിവാകുന്നതാണ്.

പ്രകൃതി ദുരന്തങ്ങൾ മൂലം സംസ്ഥാനത്തിന് ആവശ്യമായ അധിക വിഭവസമാഹരണത്തിനായി 2019 ആഗസ്റ്റ് 1 മുതൽ 2021 ജൂലൈ 31 വരെ ജി.എസ്.ടി. ബാധകമായ ബിസിനസ്സ്- ടു-കൺസ്യൂമർ (B2C) സപ്ലൈകളിൽ ഒരു ശതമാനം ഫ്ലഡ് സെസ്സ് ഈടാക്കിയിരുന്നു. ഫ്ലഡ് സെസ്സിൻറെ കാലാവധി അവസാനിച്ചെങ്കിലും, അതുമായി ബന്ധപ്പെട്ട നിരവധി കുടിശ്ശികകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

മുൻകാലങ്ങളിൽ ഈ ഇനത്തിൽ നടപ്പാക്കിയിരുന്ന ആംനെസ്റ്റി പദ്ധതികൾ ഹ്രസ്വകാലത്തേക്കുള്ളവയായിരുന്നു. കുടിശ്ശികകൾ തീർപ്പാക്കുന്നതിന് കൂടുതൽ അവസരം അനുവദിക്കണമെന്ന നികുതിദായകരുടെ ആവശ്യം പരിഗണിച്ചും, mവ്യാപാരികൾക്ക് ആശ്വാസം നൽകുന്നതിനുമായാണ് 'ഫ്ലഡ് സെസ്സ് കുടിശ്ശിക തീർപ്പാക്കൽ പദ്ധതി-2026' കേരളം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചത്.

2019 ഓഗസ്റ്റ് 1 മുതൽ 2021 ജൂലൈ 31 വരെയുള്ള കാലയളവിലെ ഫ്ലഡ് സെസ്സ് കുടിശ്ശികയുള്ളവർക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താം. പ്രസ്തുത കാലയളവിലെ സെസ്സ്

കുടിശ്ശിക അടയ്ക്കാൻ ബാക്കിയുള്ളവർ, 2027 മാർച്ച് 31-നകം ഇ-ട്രഷറി പോർട്ടലായ www.etreasury.kerala.gov.in വഴി കുടിശ്ശികയുള്ള സെസ്സ് തുക അടയ്ക്കുകയാണെങ്കിൽ, പദ്ധതി പ്രകാരം അതുമായി ബന്ധപ്പെട്ട പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

കുടിശ്ശികയുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്കും ഈ പദ്ധതി ആശ്വാസകരമാണ്. നിശ്ചിത സെസ്സ് തുക അടച്ച് സെറ്റിൽമെന്റ് നടത്തുന്നതോടെ, നികുതിദായകനെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ പിൻവലിക്കുന്നതാണ്. ഫ്ലഡ് സെസ്സ് സംബന്ധിച്ച അപ്പീലുകൾ നിലവിലുള്ള സാഹചര്യങ്ങളിൽ, നികുതിദായകൻ ഈ പദ്ധതി വഴി കുടിശ്ശിക തീർത്താൽ ആ വിവരം ബന്ധപ്പെട്ട അപ്പീൽ അധികാരിയെയോ കോടതിയെയോ അറിയിക്കേണ്ടതാണ്. ആവശ്യമായ പരിശോധനകൾക്ക് ശേഷം അത്തരം കേസുകൾ തീർപ്പാക്കുന്നതാണ്. ജി.എസ്.ടി. (CGST/SGST) നോട്ടീസുകൾക്കൊപ്പം ഫ്ലഡ് സെസ്സ് കൂടി ഉൾപ്പെട്ടിട്ടുള്ള കേസുകളിൽ, ഫ്ലഡ് സെസ്സ് കുടിശ്ശിക മാത്രം ഈ പദ്ധതി പ്രകാരം അടച്ച് തീർപ്പാക്കാവുന്നതാണ്.

ഈ പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള അവസാന തീയതി 2027 മാർച്ച് 31 ആണ്. ഫ്ലഡ് സെസ്സ് കുടിശ്ശികയുള്ള നികുതിദായകർ ഈ സുവർണ്ണാവസരം പരമാവധി പ്രയോജനപ്പെടുത്തി കുടിശ്ശികകൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് കേരളം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ അതാത് ജില്ലകളിലെ ടാക്സ്പേയർ സർവ്വീസസ് ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.

COMMISSIONER